മാർക്കറ്റിൽ ഇടപെടണമെന്നുള്ളതാണ് പ്രധാനപ്പെട്ട കാരണം. എന്നാൽ കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കണമെങ്കിൽ ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് ഇറക്കുമതി തീരുവ വർദ്ധിപ്പിക്കണം. കേന്ദ്ര ഗവൺമെന്റിൽ ശക്തമായ ഇടപെടൽ നടത്തുന്നതിലൂടെ മാത്രമേ അതിനു കഴിയുകയുള്ളൂ. കുരുമുളക് കൃഷിക്കാർക്ക് കഴിഞ്ഞ സീസണിൽ വിലകിട്ടിയില്ല. അതിന്റെ ഫലമായി അവർ എടുത്തിട്ടുള്ള ലോണുകൾ തിരിച്ചടയ്ക്കാൻ കഴിയാതെ ബുദ്ധിമുട്ടുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ആഗോളവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള നയങ്ങൾമൂലം കുരുമുളകിനു വിലയിടിവുണ്ടായിട്ടുണ്ട്. ആ വിലയിടിവ് ഒന്നുകൂടി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ശ്രീലങ്കൻ ഗവൺമെന്റുമായി ഉണ്ടാക്കിയ ധാരണയനുസരിച്ച് ഇതുവരെ ഇറക്കുമതി ചുങ്കം ഉണ്ടായിരുന്നത് ഇറക്കുമതി ചുങ്കമില്ലാതെ സാധനങ്ങൾ ഇറക്കുന്നതിന് അവകാശം കൊടുത്തിരിക്കുകയാണ്. അതോടുകൂടി ശ്രീലങ്കയിൽ ഉൽപ്പാദിപ്പിച്ച കുരുമുളകു മാത്രമല്ല മലേഷ്യ പോലുള്ള മറ്റു രാജ്യങ്ങളിൽ നിന്നും കുരുമുളക് ഇറക്കുന്നതുകൊണ്ട് നമുക്ക് കുറച്ച് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിനോട് ഇത് നിർത്തുന്നതിനാവശ്യമായ നടപടികൾ എടുക്കുകയോ Geographical indication വച്ചുകൊണ്ട് ഇന്ന രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്താൽ, ഇന്ന വിധത്തിലാണ് ഇറക്കുമതി ചെയ്യുന്നത് എന്നു കാണിക്കാൻ ഒരു സർട്ടിഫിക്കറ്റ് കൊടുക്കുകയോ ചെയ്യണം എന്നു ആവശ്യപ്പെട്ടിരിക്കുകയാണ്; അല്ലെങ്കിൽ പഴയതുപോലെയുള്ള ഇറക്കുമതി ചുങ്കം ഏർപ്പെടുത്തണം എന്നുള്ള വിധത്തിൽ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. എം.പി.-മാരോടും ഇതിനുവേണ്ടി സമ്മർദ്ദം ചെലുത്താൻ ആവശ്യമായ നടപടികൾ എടുക്കാൻ പറഞ്ഞിട്ടുണ്ട്.

(3) ഇടുക്കി ജില്ലയിൽ പൊതുവേയും ഇടുക്കി പദ്ധതിയുടെ വൃഷ്ടി പ്രദേശത്തും വൈദ്യുതി എത്തിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ

ശ്രീ. ഇ. എം. അഗസ്തി: സർ, കേരളത്തിലെ ഏറ്റവും വലിയ ജലവൈദ്യുത പദ്ധതിയായ ഇടുക്കി പ്രോജക്ടിന്റെ കാച്ച്മെന്റ് ഏരിയായിൽ ജീവിക്കുന്ന ജനങ്ങളുടെ ബുദ്ധിമുട്ടുകളെ സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഈ പ്രോജക്ടിന്റെ ഗുണം കേരള സംസ്ഥാനത്തിന് മൊത്തത്തിലാണ് കിട്ടുന്നത്. ഒരു പുതിയ കൃത്രിമ ജലാശയം രൂപം കൊണ്ടതുകൊണ്ട് അതിന്റെ ബുദ്ധിമുട്ടനുഭവിക്കുന്നത് കാച്ച്മെന്റ് ഏരിയായിൽ അധിവസിക്കുന്ന ജനങ്ങളാണ്. 24 കിലോമീറ്ററാണ് ഈ ജലാശയത്തിന്റെ വിസ്തൃതി. ഈ താഴ്വാരങ്ങൾ മുഴുവൻ വെള്ളത്തിലായതുകൊണ്ട് ജനങ്ങൾക്ക് ഗതാഗത സൗകര്യവും യാത്രാസൗകര്യവും പൂർണ്ണമായി നിഷേധിക്കപ്പെട്ടിരിക്കുകയാണ്. കാലവർഷമായാൽ മുളകെട്ടിയ ചങ്ങാടത്തിലാണ് കുട്ടികൾ സ്കൂളിലേക്ക് പോകുന്നത്. കുട്ടനാട് ബോട്ടപകടത്തെക്കുറിച്ചൊക്കെ ഇവിടെ പറഞ്ഞു. ഇവിടെയും ഇനി എന്തൊക്കെ ദുരന്തം സംഭവിക്കുമെന്ന് പറയാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതുപോലെത്തന്നെ കേരളത്തിലെല്ലായിടത്തും വൈദ്യുതി ലഭിക്കുന്നുണ്ടെങ്കിലും പ്രോജക്ടിന്റെ കാച്ച്മെന്റ് ഏരിയായിൽ ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി ഇടുക്കിക്കാർക്ക് അന്യമായി നിൽക്കുകയാണ്. ഇടുക്കി

10 A. M.]

LIBRARY ARCHIVES Kerala Legislative Assembly

പ്രോജക്ടിന്റെ ഗുണം വൈദ്യുതി ബോർഡ് പൂർണ്ണമായി പ്രയോജനപ്പെടുത്തുമ്പോഴും ഇവർക്ക് ലഭ്യമാകുന്നില്ല. അതുകൊണ്ട് ഇടുക്കിയിലെ ജനങ്ങൾക്ക് വൈദ്യുതി ബോർഡിന്റെ സേവനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെത്തന്നെ വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം എല്ലാ ഗവൺമെന്റുകളും ഇടുക്കി ജില്ലയിലെ ജനങ്ങളോട് കാണിക്കുന്ന അവഗണനയിൽ പ്രതിഷേധിച്ചാണോ എന്നറിയില്ല ഇവിടെ സുലഭമായി കിട്ടിക്കൊണ്ടിരുന്ന കാലവർഷം പോലും വഴിമാറി നിൽക്കുകയാണ്. ഇപ്പോൾ നാല് ദിവസമായി വൃഷ്ടി പ്രദേശത്ത് മഴ ഇല്ല. മഴയുണ്ടെങ്കിലും ഇടുക്കി ജില്ലയിലുള്ളവർക്ക് പ്രയോജനമില്ലാത്ത ഒരു സ്ഥിതിയാണുള്ളത്. അതുകൊണ്ട് ഇറിഗേഷൻ പ്രോജക്ടുകൾ രൂപംകൊള്ളുമ്പോൾ ഒറ്റപ്പെട്ടു പോകുന്ന പ്രദേശങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ഒരു നിയമമുണ്ട്. അതാണ് Command Area Development Authority (CADA). അതുപോലെത്തന്നെ വൈദ്യുത പദ്ധതികളുണ്ടാകുമ്പോൾ രൂപം കൊള്ളുന്ന ജലാശയങ്ങൾ മൂലം ഒറ്റപ്പെട്ടു പോകുന്ന പ്രദേശങ്ങളുടെ സംരക്ഷണത്തിനുവേണ്ടി CADA Model നിയമനിർമ്മാണം നടത്തി അവർക്ക് പരിരക്ഷ നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പൂർണ്ണമായും ശരിയല്ല. എവിടെയായാലും അവിടത്തെ പ്രസരണത്തിനും വിതരണത്തിനുംവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ബോർഡ് പ്രത്യേക ശ്രദ്ധ പതിപ്പിക്കും. അതിന്റെ നമ്പർ പറയുകയാണെങ്കിൽ മലങ്കര-മൂലമറ്റം 66 കെ. വി. ലൈൻ ഇപ്പോൾ പൂർത്തിയാക്കി. വാഴത്തോപ്പ് 66 കെ. വി. സബ്സ്റ്റേഷന്റെ നവീകരണ ജോലികൾ പൂർത്തീകരിച്ചുവരുന്നു. തൊടുപുഴ 66 കെ. വി. സബ്സ്റ്റേഷന്റെ നവീകരണ ജോലികൾ പൂർത്തിയായി. വിതരണ മേഖലയിൽ കൂടുതൽ കണക്ഷനുകൾ നൽകി. 11,515 കണക്ഷൻ 2002-ലും 11,884 പുതിയ കണക്ഷനുകളും നൽകി. പുതിയ പദ്ധതികൾ നെടുങ്കണ്ടം, ഉടുമ്പന്നൂർ, ഉപ്പുതറ ഇവിടങ്ങളിലെല്ലാം 33 കെ. വി., 66 കെ. വി., 110 കെ. വി. സബ്സ്റ്റേഷനുകളുണ്ട്. ഏതായാലും ഇടുക്കി ജില്ലയിൽ ട്രാൻസ്മിഷൻ ശൃംഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഒരു ട്രാൻസ്മിഷൻ ഡിവിഷൻ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. വെള്ളപ്പൊക്കം കൊണ്ടുണ്ടാകുന്ന ദുരിതത്തെ സംബന്ധിച്ചും പരിശോധിക്കുന്നതാണ്.

(4) പത്തനംതിട്ട ജില്ലയിൽ മോഷണം അമർച്ച ചെയ്യാൻ നടപടി

ശ്രീ. രാജു എബ്രഹാം: സർ, പത്തനംതിട്ട ജില്ലയിൽ കള്ളൻമാർ കൊടികുത്തി വാഴുകയാണ്. മൂവായിരത്തിലധികം മോഷണമാണ് കഴിഞ്ഞ മൂന്നു മാസത്തിനിടയിൽ നടന്നത്. അഞ്ച് പോലീസ് സ്റ്റേഷനും മൂന്ന് സി. ഐ. ഓഫീസുമാണ് എന്റെ നിയോജക മണ്ഡലത്തിലുള്ളത്. ഇവിടെ അറുന്നൂറിൽപ്പരം മോഷണക്കേസുകൾ നടന്നു. എനിക്ക് അനുഭവമുണ്ട്. എന്റെ വീട്ടിൽ നിന്ന് റബ്ബർ ഷീറ്റ് മോഷണം പോയി. കള്ളനെ ഞാൻ തന്നെ ഐഡന്റിഫൈ ചെയ്ത് പോലീസിനോട് പറഞ്ഞു. പക്ഷേ പോലീസിന് ഇതുവരെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിലിടപെട്ട് ഇവിടെ സ്പെഷ്യൽ ടീമിനേയും പ്രത്യേക വാഹനവും കൊടുത്ത് കള്ളൻമാരെ കണ്ടുപിടിക്കാനുള്ള സംവിധാനമുണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly